Medical Sciences (New Delhi), Post Graduate Institute (Chadigarh) എന്നിവയെ അപേക്ഷിച്ച് സൗജന്യ ചികിത്സ നൽകുന്നതിനും ചികത്സാനിലവാരം മെച്ചപ്പെടുത്തി നിലനിറുത്തുന്നതിനും ഗവേഷണ രംഗത്തെ പുരോഗതിയിൽ ശാസ്ത്ര സാങ്കേതിക വികാസത്തിൽ മുന്നോട്ടു നിൽക്കുന്ന ശ്രീചിത്രാ ഇൻസ്റ്റിട്യൂട്ട് ഇന്ത്യയിൽ മാത്രമല്ല രാജ്യാന്തരത്തിൽത്തന്നെ തല ഉയർത്തി നിൽക്കുന്ന ഒരു സ്ഥാപനമാണ്. ഇതിനായി എല്ലാ ജീവനക്കാരും തികഞ്ഞ അച്ചടക്കവും നല്ല പെരുമാറ്റ രീതിയും പാലിക്കേണ്ടതാണ്. ഇത് നിഷ്കർഷിക്കുകയല്ലാതെ അതിലെ സംഘടനാപ്രവർത്തനങ്ങൾക്ക് വിപരീതമായി യാതൊരു നടപടിയും കൈക്കൊണ്ടിട്ടുള്ളതായി അറിയില്ല. ഈ സ്ഥാപനം കേരള സർക്കാരിന്റെ അധീനതയിലുള്ളതല്ല.കേന്ദ്രസർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്.

(4) തൃക്കരിപ്പൂർ മണ്ഡലത്തിലെ വെളിച്ചംതോട് പ്രദേശത്തെ മിച്ചഭൂമി പതിച്ചുനൽകൽ

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : സർ, തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ വെളിച്ചംതോട് പ്രദേശത്തെ കൈവശക്കാരുടെ ഭൂമി പതിച്ചു നൽകാൻ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പു മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു. ഈ പ്രദേശത്ത് താഴ്ന്ന വരുമാനക്കാരായ 102 കർഷകത്തൊഴിലാളി കുടുംബങ്ങൾ വർഷങ്ങളായി താമസിച്ചു വരികയാണ്. യഥാർത്ഥത്തിൽ ഈ സ്ഥലം വാസയോഗ്യമാണെന്ന് പറയാൻ കഴിയില്ല. കടുത്ത പാറകൾ ഉള്ള വാസയോഗ്യമല്ലാത്ത സ്ഥലമാണ് ഇത്. മറ്റു ഭൂമിയൊന്നുമില്ലാത്ത പാവപ്പെട്ട ഈ വിഭാഗം വർഷങ്ങളായി ഇവിടെ വീട് വച്ച് താമസിക്കുകയാണ്. ആ ഭൂമി പതിച്ചു കിട്ടുന്നതിന് ഒരുപാട് പ്രക്ഷോഭങ്ങൾ നടത്തിയിട്ടുണ്ട്. ഈ കഴിഞ്ഞ മാസം ജാഥയായി കർഷകത്തൊഴിലാളികളുടെ നേതൃത്വത്തിൽ ഈ തൊഴിലാളികൾ കളക്ടറേറ്റ് മാർച്ച് നടത്തുകയുണ്ടായി. ഈ കൈവശഭൂമി പതിച്ചുനൽകണമെന്ന ആവശ്യം പലതവണ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. പക്ഷേ പാവപ്പെട്ട, താഴ്ന്ന വരുമാനക്കാരായ തൊഴിലാളികൾക്ക് ഭൂമി പതിച്ചുനൽകാനുള്ള നടപടിക്രമങ്ങൾ പല സാങ്കേതിക കാരണങ്ങൾ പറഞ്ഞ് നീട്ടിവയ്ക്കുകയാണ് ഉണ്ടായത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ഇടപെട്ട് അടിയന്തിരമായി പാവപ്പെട്ടവർക്ക് ഭൂമി പതിച്ചു നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : വെളിച്ചംതോട് പ്രദേശത്ത് സർക്കാർ അധീനതയിലുള്ള മിച്ചഭൂമി ഏകദേശം 50-ഓളം പേർ കൈയേറിയിട്ടുണ്ട് എന്നാണ് ലഭിച്ചിട്ടുള്ള വിവരം. അവിടെ അവർ വീടുവച്ചു താമസിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള ഭൂപരിഷ്ക്കരണ നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ ഇത്തരം ഭൂമിയിൽ അനധികൃത കൈയേറ്റം അനുവദിക്കുകയില്ല. ഈ കൈയേറ്റക്കാരെ ഒഴിപ്പിക്കുന്നതിനുവേണ്ടി ലാന്റ്ബോർഡ് ഉത്തരവിട്ടു. എന്നാൽ വീട് വച്ച് താമസിക്കുന്നവർക്ക് ഭൂമി പതിച്ചുനൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചതുപോലെ നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്. അവിടെ സമരങ്ങൾ നടക്കുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ കേരളാ ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ച് ഇതിനു

LIBRARY ARCHIVES Kerala Legislative Assembly

പരിഹാരം കാണാൻ കഴിയുമോ എന്നു പരിശോധിച്ചുവരികയാണ്. അതിന്റെ അന്വേഷണം പൂർത്തിയായി നിയമാനുസൃതമായ രീതിയിൽ പതിച്ചുകൊടുക്കുന്ന നടപടി നടപ്പിലാക്കും. ഇങ്ങനെ ഭൂമി കൈയേറി കുടിൽകെട്ടി താമസിക്കുന്ന ആളുകൾ ഭൂമിയില്ലാത്തവരും വീടില്ലാത്തവരും ആണെങ്കിൽ ആ പരിഗണനവച്ച് അവർക്കുവേണ്ടി എന്താണ് ചെയ്യാൻ കഴിയുകയെന്നുള്ള കാര്യം ഗവൺമെന്റ് ഗൗരവമായി ആലോചിക്കുന്നുണ്ട്.

(5) ചാത്തന്നൂരിലെ മൊട്ടക്കാവ്, പള്ളിമൺ പ്രദേശങ്ങളിൽ ചെളിയെടുക്കുന്നതുമൂലമുളവായിട്ടുള്ള ഗുരുതരാവസ്ഥ

<u>ശ്രീ. എൻ. അനിരുദ്ധൻ</u> : സർ, ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പള്ളിമൺ വില്ലേജിൽപ്പെട്ട മൊട്ടക്കാവ്, പള്ളിമൺ പ്രദേശങ്ങളിൽ നിന്ന് വ്യാപകമായി നിയമവിരുദ്ധമായി ചെളിയെടുപ്പ് നടത്തുന്നതിനാൽ ഗുരുതരമായ ഒരു സ്ഥിതിവിശേഷം ആ പ്രദേശങ്ങളിൽ സംജാതമായിട്ടുണ്ട്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. കെ.എൽ.യു. ഓർഡറിനു വിരുദ്ധമായിട്ടാണ് അവിടെ ചെളിയെടുപ്പ് നടക്കുന്നത്. മാത്രമല്ല അത് ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടാക്കുന്നു. സമീപപ്രദേശങ്ങളിലുള്ള കിണറുകളിൽ ജലനിരപ്പ് താഴുന്നതിന് ഈ ചെളിയെടുപ്പ് കാരണമാകുന്നു. പത്തും, നാൽപതും അടി താഴ്ചയിൽ ചെളിയെടുത്ത കുഴികൾ ഫെൻസിംഗ് ഇല്ലാതെ അപകടകരമായ നിലയിലാണ് ഇട്ടിരിക്കുന്നത്. നിയമവിരുദ്ധമായ രീതിയിലാണ് ഈ സംരംഭം നടക്കുന്നത് പരാതിപ്പെട്ടിട്ടും ഇതിന് പരിഹാര നടപടികൾ ഉണ്ടാകുന്നില്ല. പരിസ്ഥിതിപ്രശ്നം, നിയമവിരുദ്ധമായ ഫെൻസിംഗ് ഇല്ലാത്ത തുറന്ന സ്ഥലങ്ങളിൽ കുഴി എടുത്തിടുക എന്നിവമൂലം ജനങ്ങൾ പരിഭ്രാന്തരായാണ് കഴിയുന്നത്. ഈ സ്ഥിതിവിശേഷത്തിന് അടിയന്തിരമായി പരിഹാരം ഉണ്ടാക്കുന്നതിന് സത്വരശ്രദ്ധ ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.ഇ. ഇസ്മയിൽ)</u>. സർ, ചാത്തന്നൂർ മണ്ഡലത്തിലെ നെടുമ്പന പഞ്ചായത്തിൽപ്പെട്ട മൊട്ടക്കാവ്-പള്ളിമൺ പ്രദേശങ്ങളിൽ നിലവും പുരയിടവും കുഴിച്ച് ചെളി എടുക്കുന്നത് പൊതുജനങ്ങൾക്കും സമീപവാസികൾക്കും വളരെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്. പരിസ്ഥിതിയെപ്പോലും അത് ബാധിക്കുന്നു എന്ന് പരാതികൾ കിട്ടിയിട്ടുണ്ട്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പള്ളിമൺ, നെടുമ്പന പ്രദേശങ്ങളിൽനിന്ന് ചെളിയെടുക്കുന്നതിന് ജിയോളജി വകുപ്പിന്റെ കൊല്ലം ജില്ലാ ഓഫീസ് 4 പെർമിറ്റുകൾ നൽകിയിട്ടുണ്ട്. ഈ നാലു പെർമിറ്റും കരപ്രദേശങ്ങളിലാണ് നൽകിയിട്ടുള്ളത്. ഇതിൽ ഒരു പെർമിറ്റിന്റെ കാലാവധി 31-3-93-ൽ അവസാനിച്ചു. മൊട്ടക്കാവ് പ്രദേശത്ത് ചെളിയെടുക്കുന്നതിന് പെർമിറ്റ് ഒന്നും ഇതുവരെ നൽകിയിട്ടില്ല. ഈ പ്രദേശത്ത് പോയി നേരിട്ട് പരിശോധിച്ച് ഇതു സംബന്ധിച്ച റിപ്പോർട്ട് നൽകുന്നതിന് കൊല്ലം ആർ.ഡി.ഒ യേയും കൊല്ലം ജില്ലാ ജിയോളജിസ്റ്റിനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് 1998-99 കാലയളവിൽ കൊല്ലം ജില്ലയിലെ നെടുമ്പന പഞ്ചായത്തിൽ ഓട്, ഇഷ്ടിക എന്നിവയുടെ അനധികൃത നിർമ്മാണം, കളിമണ്ണിന്റെ അനധികൃത ഖനനം എന്നിവ സംബന്ധിച്ച് 6 കേസുകൾ കണ്ടുപിടിച്ച് ശിക്ഷിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 30,000 രൂപ പിഴ

LIBRARY ARCHIVES Kerala Legislative Assembly